**ഭരണഭാഷ-മാതൃഭാഷ**


**പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്ത്**

**പിൻ കോഡ്- 679321 ഫോൺ നമ്പർ : 0493-3254232**

**ഇമെയിൽ : mpmpuzhakkattirigp@gmail.com**


നമ്പർ: 2469077-2025 തീയതി : 18-06-2025

പ്രേഷകൻ

സെക്രട്ടറി
പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്ത്

സ്വീകർത്താവ്

ബഹു. ഇൻറേണൽ വിജിലൻസ് ഓഫീസർ
തദ്ദേശ സ്വയം ഭരണ വകുപ്പ്, മലപ്പുറം

സർ,

വിഷയം: ശ്രീ. മുഹമ്മദ്കുട്ടി, മച്ചിഞ്ചേരി എന്നയാൾ സമർപ്പിച്ച പരാതി-സംബന്ധിച്ച്

സൂചന: 1. അങ്ങയുടെ 12.06.2025 തീയതിയിലെ LSGD/JD/MPM/4284/2025-H2 നമ്പർ കത്ത്

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. പരാതിക്കാരനായ ശ്രീ. മുഹമ്മദ്കുട്ടി എം.സി, മച്ചിഞ്ചേരി എന്നയാൾ 23.01.2025ന് ഐ എൽ ജി എം എസ് വഴി നൽകിയ കെട്ടിട നമ്പറിംഗിനുള്ള അപേക്ഷ അന്വേഷണത്തിനായി 27.01.2025 ഓവർസിയർക്ക് പെർമിറ്റ് ഫയൽ സഹിതം കൈമാറിയിട്ടുള്ളതാണ്. എന്നാൽ കെട്ടിടം പൂർണ്ണമായും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല, കെ പി ബി ആർ ചട്ടം 34 (3) (2) (3) പ്രകാരമുള്ള സാനിറ്റേഷൻ സൗകര്യം ( urinals, wash basin ), Sign board എന്നിവ നൽകിയിട്ടില്ല എന്നുമുള്ള അപാകതകൾ 21.02.2025ന് റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ആയവ ഫോൺ മുഖാന്തിരവും 04.03.2025ലെ കത്തായും അപേക്ഷകനെ അറിയിച്ചു.

അപാകത പരിഹരിച്ചതായി 22.04.2025ന് ടിയാൾ അറിയിപ്പ് തന്നതിൻറെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ മുഴുവൻ അപാകതയും പരിഹരിച്ചിട്ടില്ല (Retaining wall ൻറെ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല) എന്നാണ് അസിസ്റ്റൻറ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തത് .ടി വിവരം 27.05.2025 തീയതിയിലെ കത്ത് മുഖേന അപേക്ഷകനെ അറിയിക്കുകയുണ്ടായി.

ഇതേ തുടർന്ന് ജില്ലാ ടൌൺ പ്ലാനറുടെ ലേഔട്ട് അപ്പ്രൂവൽ പറഞ്ഞിട്ടുള്ള പ്രകാരം Retaining wall പൂർണ്ണമായി പൂർത്തീകരിച്ചിട്ടില്ല എന്നിരുന്നാലും MTech Structural Engineering യോഗ്യതയുള്ള ശ്രീ. മുഹമ്മദ് റഫീഖ് എന്നവരുടെ സ്റ്റെബിലിറ്റി സെര്ടിഫിക്കറ്റിന്റെയും ഉടമസ്ഥനായ ശ്രീ. മുഹമ്മദ് കുട്ടി എന്നവരുടെ 29.05.2025 തീയതിയിലെ സാക്ഷ്യപത്രത്തിന്റെയും അടിസ്ഥാനത്തിൽ ഈ പമ്പിന് Occuppancy നൽകാവുന്നതായി 02.06.2025 തീയതിയിൽ അസിസ്റ്റൻറ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു.

ആയതിനെ തുടർന്ന് 02.06.2025 തീയതിയിൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിക്കുകയും കെട്ടിട നമ്പറിംഗിനായി കെ-സ്മാർട്ട് വഴി 4/05/2025ന് അപേക്ഷ സ്വീകരിച്ച് 17/239-B എന്ന കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളതുമാണ് എന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.കെട്ടിടത്തിൻറെ ഫോറം-6 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

Signature Not Verified
Digitally signed by A SAJEER KHAN
Date: 2025.06.18 14:01:56 IST
Reason: KSMART

സെക്രട്ടറി